**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3832** **15-07-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ സബ് ജയിലിലെ കുടിവെള്ള പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പെരിന്തൽമണ്ണ സബ് ജയിലിലെ കുഴൽ കിണറിന്റെ തകരാറിലായ മോട്ടോർ പമ്പ് സെറ്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് ജയിൽ വകുപ്പിൽ ഏതെങ്കിലും കത്ത് ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | പെരിന്തൽമണ്ണ സബ് ജയിലിലെ കുഴൽ കിണറിലെ പമ്പ് സെറ്റിന്റെ പ്രവർത്തനത്തിലെ അപാകതകൾ സംബന്ധിച്ച് ജയിൽ വകുപ്പിന് കത്ത് ലഭിച്ചിരുന്നു. എന്നാൽ മോട്ടോർ ഘടിപ്പിച്ച കമ്പനിയുടെ പ്രതിനിധികൾ മോട്ടോർ പരിശോധിച്ച ശേഷം കേടുപാടുകൾ ഇല്ലായെന്ന് കണ്ടെത്തി. തുടർന്ന് മലപ്പുറം ഭൂജല വകുപ്പ് വിഭാഗം പ്രസ്തുത കുഴൽക്കിണർ പരിശോധിക്കുകയും കിണറിലെ ചെളി ഫ്ലഷിംഗ് നടത്തി വൃത്തിയാക്കിയാൽ വെള്ളത്തിന്റെ ലഭ്യത കൂടുമെന്ന് അറിയിച്ചതിനെ തുടർന്ന് കിണറിലെ ചെളി ഫ്ലഷിംഗ് നടത്തി വൃത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജയിലിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് പുതുതായി കുഴൽ കിണർ കുഴിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | ജയിൽ വളപ്പിലോ സമീപത്തോ പുതിയ കുഴൽ കിണർ കുഴിയ്ക്കാനുള്ള സാധ്യത ഭൂജല വകുപ്പ് പരിശോധിച്ചെങ്കിലും ആയതിന് സാധ്യതയില്ല എന്ന് കണ്ടെത്തി. പഴയ എക്സൈസ് ഓഫീസിന് സമീപം കുഴൽ കിണർ കുഴിയ്ക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയെങ്കിലും ടി റവന്യൂ ഭൂമിയിൽ കുഴൽക്കിണർ കുഴിക്കുന്നതിനുള്ള അനുമതി റവന്യൂ വകുപ്പ് നൽകിയിട്ടില്ല. നിലവിൽ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജയിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ